(സി) കെൽ-ന്റെ മാമല യൂണിറ്റിൽ നിലവിൽ ആർക്കുംതന്നെ ഗ്രാറ്റുവിറ്റി നൽകുവാനില്ല. എന്നാൽ കമ്പനിയുടെ കണ്ടറ യൂണിറ്റിൽ 2015 നവംബറിൽ റിട്ടയർ ചെയ്ത ഏഴുപേരടക്കം 35 പേർക്കും ഹെഡ് ഓഫീസിലെയും ഒലവക്കോട് യൂണിറ്റിലേയും ഓരോരുത്തർക്ക് വീതവും നിലവിൽ ഗ്രാറ്റുവിറ്റി നൽകുവാനുണ്ട്.

(ഡി) കമ്പനിയുടെ മോശമായ സാമ്പത്തികസ്ഥിതി കാരണം ജീവനക്കാരുടെ ഗ്രാറ്റുവിറ്റി യഥാസമയം നൽകുവാൻ സാധിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗ്രാറ്റുവിറ്റി റിട്ടയർമെന്റ് തീയതി അനുസരിച്ച് മുൻഗണനാക്രമത്തിൽ നൽകി കൊണ്ടിരിക്കുകയാണ്.

പുതിയ/നിലച്ചുപോയ വ്യവസായ സ്ഥാപനങ്ങൾ

150(2351) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചുപോയതോ ആയ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവ ഓരോന്നും അടച്ചുപൂട്ടിയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പുതിയതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* വ്യവസായ വാണിജ്യ വകുപ്പ് കെ.എസ്.ഐ.ഡി.സി., സിഡ്കോ എന്നിവയുടെ കീഴിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly